HEFRF
RESEARCH FOUNDATION

ചലച്ചിത്രഗാനസാഹിത്യം

ചരിത്രം സംസ്കാരം ഭാവുകത്വം

എഡിറ്റർ

ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ

ചലച്ചിത്രഗാനസാഹിത്യം: ചരിത്രം സംസ്കാരം ഭാവുകത്വം

Editor: Nethallur Harikrishnan
Published by
History and Epic Fundamental
Reseach Foundation
First Edition December 2019

ISBN : 978-81-940493-5-7
Rs. 200/-
Rights Reserved

No part of this publication may be reproduced or transmitted in any form or by an means without prior written permission of this publishers.

Cover Design : Dileep G. Krishna
DTP & Layout: Raju K.O., Anoop K. John
Winwave, Pampady

An Imprint of
Mattathil Printers & publishers Pvt. Ltd.
Changanacherry - 686 103

Editorial Board
General Convener / Ratheesh T.A.
E-mail:rathish1896@gmail.com, Ph: 8943324411
Convenor / Siva Venkitsh K.

Distributors
History and Epic Fundamental Research Foundation
Printing and Distribution Wing, Kottayam
hefr2019@gmail.com
Tel: 9188538497

History and Epic Fundamental Research Foundation
Reg. under the Registrar of Societies for Govt. of Kerala
Regd. No. KTM.526/2014

AIMS FOUNDATION
Study, Publications, Research and Establishment of History, Vedas, Epic, Civilization, Culture, Arts, Language & Literature, Archaeology etc. of India, Indian States and even villages and other Nations

ഉള്ളടക്കം

ഒന്ന്:

ചലച്ചിത്രഗാ ങ്ങളും സാംസ്കാരിക വിനിമയങ്ങളും

1. പാട്ടുകങ്ങളിലെ സംസ്കാരരൂപങ്ങൾ
പി.എസ്. രാധാകൃഷ്ണൻ .. 10

2. ജനപ്രിയസംഗീതവും ചലച്ചിത്രഗാനശാഖയും
ജെന്നി സാറാ പോൾ .. 20

3 ചലച്ചിത്രഗാനം : ആണെഴുത്തിലെ പെൺപാഠങ്ങൾ
ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ .. 27

4 ക്രിസ്തീയഗാനങ്ങൾ മലയാളസിനിമയിൽ: കേരളീയ നവോത്ഥാനത്തിന്റെ പാട്ടുവഴികൾ
സിജി എം വി .. 35

5 മതേതര സങ്കല്പനങ്ങളുടെ ചലച്ചിത്രഗാന സംവേദനങ്ങൾ
രതീഷ് റ്റി.എ .. 48

6 നേതാവ് :ബിംബാവിഷ്കാരവും സാംസ്കാരിക വിനിമയവും ചലച്ചിത്രഗാനങ്ങളിൽ
ശരൺ ചന്ദ്രൻ എൻ .. 56

7 മലയാള ചലച്ചിത്രഗാനങ്ങളും സംഗീതപൊതുമണ്ഡല നിർമ്മിതിയും
വിഷ്ണു രവി .. 61

രണ്ട് :

ഗാനനിർമ്മിതി : എഴുത്ത് സ്വത്വം ഭാവുകത്വം

അ: ശ്രീകുമാരൻ തമ്പി

1. ശ്രീകുമാരൻ തമ്പി : പാട്ടഴകിന്റെ ഹൃദയവാഹിനി
പി.എസ്. രാധാകൃഷ്ണൻ .. 66

2. 'ചൈത്രഭേദത്തിൻ ഗാഥകൾ' (ശ്രീകുമാരൻതമ്പിയുടെ പ്രകൃതി സംബന്ധിയായ ചലച്ചിത്രഗാനങ്ങൾ ആസ്പദമാക്കി)
ഡോ. എം. എസ്. സുചിത്ര .. 80

3. ശ്രീകുമാരൻതമ്പിയുടെ ഗാനങ്ങളിലെ പെൺമനസ്സുകൾ
ഇന്ദു വി. പിള്ള .. 86

ആ: പി. ഭാസ്കരൻ

1 സ്ത്രീയും പ്രണയവും പി. ഭാസ്കരന്റെ ചലച്ചിത്രഗാനങ്ങളിൽ
സിനി.വി .. 94

'ചൈത്രഭേദത്തിൻ ഗാഥകൾ'

(ശ്രീകുമാരൻതമ്പിയുടെ പ്രകൃതിസംബന്ധിയായ ചലച്ചിത്രഗാനങ്ങൾ ആസ്പദമാക്കി)

ഡോ. എം. എസ്. സുചി

ഏത് സർഗ്ഗപ്രക്രിയയ്ക്കും ഉയിരും ഉണർവും കരുത്തും പകർന്ന നൽകുന്നത് പ്രകൃതിയാണ്. പ്രകൃതിയിൽനിന്ന് വേറിട്ട് സർഗ്ഗപ്രക്രിയയ്ക്ക് അസ്തിത്വമില്ല. മലയാള കാവ്യപാരമ്പര്യം പരിശോധിച്ച് നോക്കിയാൽ അതിലെ ലൊക്കെ പ്രകൃതിയുടെ അപ്രതിരോധ്യശക്തിവിശേഷം ജ്വലിച്ചുനിൽക്കുന്നതു കാണാനാകും. നമ്മുടെ ജീവിതമുഹൂർത്തങ്ങളോട് അടുത്തു നിൽക്കുന്ന ചലച്ചിത്രഗാനശാഖയും ഇതിൽനിന്ന് വേറിട്ട് നിൽക്കുന്നില്ല. കാലത്തിന് അടർത്തി മാറ്റാനാകാത്തവിധം ഓരോ മലയാളിയുടെയും ജീവിതത്തെ സ്വാധീനിക്കുന്നതാണ് ഈ ഗാനലോകം. വയലാറും പി. ഭാസ്കരനും ഒ.എൻ.വിയും മലയാള ചലച്ചിത്രഗാനരംഗം അടക്കിവാണഘട്ടത്തിൽ കടന്നുവന്ന ശ്രീകുമാരൻ തമ്പി, കമ്പോളസംസ്കാരം പ്രകൃതിയിൽ വരുത്തിയ മാറ്റത്തെ സ്പർശിക്കാത്ത നൈസർഗ്ഗിക പ്രകൃതിയെയാണ് അവതരിപ്പിക്കുന്നത്. മനുഷ്യസംസ്കാരത്തിന്റെ ഉറവകളായ നദികളും പുഴകളും പച്ചപ്പും ഋതുക്കളും പൂക്കളുമൊക്കെച്ചേർന്ന സൗന്ദര്യാത്മക മാസ്മരിക ലോകം സൃഷ്ടിക്കുന്ന വൈകാരിക ചലനത്തെ മൃദുലമധുരമാക്കി അവതരിപ്പിക്കുകയാണ് അദ്ദേഹം.

കേരളപ്രകൃതിയുടെ നിസ്തന്ദ്രമായ ഭാവഭംഗികൾ കാണാനും കേൾക്കാനും. കോടിക്കണ്ണുകളും കോടിക്കാതുകളും മോഹിക്കുന്ന കവി, വസന്തഋതുവിന്റെ അപ്രമേയ വിലാസങ്ങളിൽ ഉൾപ്പുളകമണിയുന്നു. പ്രകൃതിയുടെ പ്രസന്നദീപ്തമായ ഭാവഹാവാദികളുമായി ബന്ധിപ്പിച്ചുകൊണ്ടാണ് ഉൽസവാഘോഷങ്ങൾ, പ്രത്യേകിച്ച് ഓണം കടന്നുവരുന്നത്. ഓണത്തിന്റെ ഉത്സവകേളീചന്തം ശ്രീകുമാരൻ തമ്പിയിൽ പേർത്തും പേർത്തും ഉന്മാദം നിറയ്ക്കുന്ന കാഴ്ച നിരവധി ഗാനങ്ങളായി പിറവിയെടുത്തിട്ടുണ്ട്. അതിനുദാഹരമാണ്.

"പൂവണിപ്പൊന്നും ചിങ്ങപ്പൂവിളികേട്ടുണരും
പുന്നെല്ലിൻ പാടത്തിലൂടെ
മാവേലിമന്നന്റെ മാണിക്യത്തേരുവരും
മാനസപ്പൂക്കളങ്ങളാടും

.....

തോണിപ്പാട്ടലിയുന്ന കാറ്റത്തുതുള്ളുമോളം
കൈകൊട്ടിപ്പാട്ടുകൾ തന്മേളം... മേളം" എന്നത്

('കേരളം...കേരളം' -മിനിമോൾ)

പ്രകൃതിയും മനുഷ്യഹൃദയവും ഏകീഭാവത്തിൽ ലയംകൊള്ളുന്നു. അന്തരീക്ഷത്തിന്റെ ഹൃദ്യതയിൽ ഓണക്കിളി കോടിമുണ്ട് ഉടുക്കുന്നതായും കാവിലെ പൈങ്കിളിപ്പെണ്ണുങ്ങൾ കൈകൊട്ടിപ്പാട്ടുകൾ പാടുന്നതായും ഭാവദീപ്തി പരത്തി അദ്ദേഹം പാടുമ്പോൾ തിര്യക്കുകൾ പോലുമിതിൽ